**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **06-10-2025 - ൽ മറുപടിയ്ക്ക്**

**മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അനിയന്ത്രിതമായി പ്രവർത്തിക്കുന്ന അത്തരം ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ? | (ബി) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്-2002 പ്രകാരമാണ് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർചെയ്ത് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത ആക്ടിലെ വകുപ്പ് 108 ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര കൃഷി മന്ത്രാലം പുറപ്പെടുവിച്ച സർക്കുലർ പ്രകാരം മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കണക്കുകളും ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരെ ചുമതലപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് പരാതി ലഭിക്കുന്ന സൊസൈറ്റികളിൽ മേൽ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് തുടർനടപടികൾക്കായി കേന്ദ്ര രജിസ്ട്രാറിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.<br><br>അംഗങ്ങൾ/നിക്ഷേപകർ/പൊതുജനങ്ങൾ തുടങ്ങിയവർ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ സംഘങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ട സാഹചര്യമുള്ളതിനാൽ എല്ലാ മൾട്ടി |

സ്റ്റേറ്റ് സഹകരണ സംഘങ്ങളും അവരുടെ ശാഖകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും പ്രവേശനകവാടത്തിൽ

“Multi state Co-operative Societies are functioning as autonomous cooperative organizations accountable to their members and not under the administrative control of the Central Registrar, Ministry of Agriculture and Farmer’s welfare. Therefore, the depositors/ members are advised to take decision for investing deposits based on the performance of the society at their own risk. Central registrar, Ministry of Agriculture and Farmers welfare does not guarantee for these deposits” എന്ന ബോർഡ് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും ടി നോട്ടീസ് പതിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

Multi State Co-operative Societies (Amendment) Rule, 2016 3(1)(g)(i) പ്രകാരം ക്രെഡിറ്റ് അല്ലെങ്കിൽ മൾട്ടി പർപ്പസ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനായി നിർദ്ദിഷ്ട സൊസൈറ്റികളുടെ പ്രവർത്തന പരിധി ഉൾപ്പെട്ട് വരുന്ന സംസ്ഥാനങ്ങളുടെ സഹകരണ സംഘം രജിസ്ട്രാർമാരുടെ No Objection Certificate ഉം g(ii) പ്രകാരം നിർദ്ദിഷ്ട സംഘത്തിന്റെ ചീഫ് പ്രമോട്ടറുടെയും പ്രമോട്ടർമാരുടെയും പശ്ചാത്തലവും യോഗ്യതാ സർട്ടിഫിക്കറ്റും പരിശോധിച്ച് നിർദ്ദിഷ്ട സംഘത്തിന്റെ രജിസ്റ്റേർഡ് ആഫീസ് സ്ഥിതി ചെയ്യുന്ന സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ നിന്നും വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്. ടി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ നടപടികൾ മൂലം മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ വ്യാപനം തടയാൻ ഒരു പരിധിവരെ സാധിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ